# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3475      15.07.2015-ൽ മറുപടിക്ക്

## അമിതതുക ഈടാക്കുന്ന സ്വകാര്യആശുപത്രികളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വിവിധ പ്രൈവറ്റ് ആശുപത്രികളിൽ അടിയന്തര ചികിത്സയ്ക്കായി എത്തുന്ന രോഗികളെ അനാവശ്യ ടെസ്റ്റുകളും മറ്റും നടത്തി അധിക തുക ഈടാക്കി കഷ്ടപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;<br>(സി) സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിൽ നിന്നും കൊടുക്കുന്ന മരുന്നിനും മറ്റും പലതരത്തിലുള്ള അമിത തുക ഈടാക്കി രോഗികളെ കഷ്ടപ്പെടുത്തുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ ;<br>(ഡി) കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ ആശുപത്രികളിലെ ഗുണനിലവാരം മനസ്സിലാക്കി ഗ്രേഡിംഗ് നടത്തി ഇവിടെ ഓരോ ചികിത്സ ചെലവിനും നിശ്ചിത തുക കണക്കാക്കി രോഗികളെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാകുമോ ? | (ബി) (സി) & (ഡി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി "കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ" എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയുടെ മേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ